LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി തുറമുഖ വികസനം

359(2715) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി തുറമുഖം ഏതു കാലാവസ്ഥയിലും പ്രവർത്തന സജ്ജമാക്കുന്നതിന് പി.പി.പി. വ്യവസ്ഥയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഏതുവരെയായി; വിശദമാക്കുമോ;

&

(ബി) പൊന്നാനി തുറമുഖം പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും തുറമുഖ വികസനത്തിനായി 29.93 ഏക്കർ ഭൂമി ടി കമ്പനിക്ക് കൈമാറി നൽകുകയും ചെയ്തിരുന്നു. അതിനുശേഷം 240 മീറ്റർ റീടെൻഷൻവാൾ നിർമ്മിച്ചതല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും കമ്പനി നടത്തിയിട്ടില്ല. ഫിനാൻഷ്യൽ ക്ലോഷറിനായി പരമാവധി 4 വർഷം അനുവദിച്ചുകൊണ്ട് തീരുമാനമായിരുന്നെങ്കിലും ധാരണാപത്രം ഒപ്പിട്ട് 10 വർഷം പൂർത്തിയാക്കിയിട്ടും പ്രസ്തുത സ്ഥാപനം കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകളനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർനടപടികൾ ആലോചിച്ചുവരുന്നു.

തുറമുഖ വകുപ്പ് നൽകുന്ന ലൈസൻസുകൾ

360(2716) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖ വകുപ്പ് വഴി നൽകുന്ന ലൈസൻസുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

2010-ലെ കേരള ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ച് ഹൗസ് ബോട്ടുകളിലും മറ്റ് ഉൾനാടൻ ജലയാനങ്ങളിലും ജോലി ചെയ്യുന്നതിനാവശ്യമായ ലാസ്കർ, സ്രാങ്ക്, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് കം ഡ്രൈവർ, സർവ്വീസ് മാസ്റ്റർ, എഞ്ചിനീയർ എന്നീ ലൈസൻസുകൾ കേരള മാരിടൈം ബോർഡ് നൽകിവരുന്നു. ഇതുകൂടാതെ തുറമുഖ പരിധിക്കുള്ളിലെ ജലയാനങ്ങളിൽ ജോലി ചെയ്യുന്നതിനായി 1970-ലെ ഹാർബർ ക്രാഫ്റ്റ് ചട്ട പ്രകാരം മാസ്റ്റർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ലൈസൻസുകളും മാരിടൈം ബോർഡ് ആണ് നൽകുന്നത്. കേരള ഉൾനാടൻ ജലഗതാഗത നിയമം അനുസരിച്ച് ഹൗസ് ബോട്ടുകൾ, അവ നിർമ്മിക്കുന്നതിനുള്ള ബോട്ട് യാഡുകൾ, ബോട്ട് ജെട്ടികൾ എന്നീ ലൈസൻസുകളും മാരിടൈം ബോർഡാണ് നൽകുന്നത്.

(ബി) തുറമുഖ വകുപ്പ് വഴി നൽകിയിരുന്ന ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

2010-ലെ കേരളാ ഉൾനാടൻ ജലഗതാഗത നിയമം, 1970-ലെ ഹാർബർ ക്രാഫ്റ്റ് റൂൾ എന്നിവ പ്രകാരമാണ് തുറമുഖ വകുപ്പ് ലൈസൻസുകൾ നൽകി വരുന്നത്. ടി നിയമങ്ങളിൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നിലവിലില്ല. എന്നാൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ ലൈസൻസുകൾ ബോർഡ് പുതുക്കി നൽകുന്നുണ്ട്.

(സി) ബോട്ട് മാസ്റ്റർ (ക്യാഷ് കളക്ടർ) ലൈസൻസ് നിലവിൽ പുതുക്കി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

കനാൽ ഇൻസ്പെക്ടർ നൽകിയ സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർക്ക് അത് കെ.ഐ.വി. -യിലേയ്ക്ക് മാറ്റി നൽകുകയും ആയത് കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കി നൽകുകയും ചെയ്തുവരുന്നു.

(ഡി) നിലവിൽ എത്ര ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് തുറമുഖ വകുപ്പ് വഴി പുതുക്കി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് നൽകിയ 579 ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസുകൾ, കേരള മാരിടൈം ബോർഡ് വഴി പുതുക്കി നൽകിയിട്ടുണ്ട്.

(ഇ) പുതുതായി ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു.

ബേക്കലിൽ സ്റ്റേറ്റ് ബോർഡ് പാർക്ക്

361(2717) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേറ്റ് ബോർഡ് പാർക്ക് നടപ്പിലാക്കാൻ കേരള മാരിടൈം ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ;

&

(ബി) പ്രസ്തുത പ്രോജക്ട് അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലായതിനാൽ വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

കാരാകുറിശ്ശി എഴുത്തോംപാറയിലെ ശിലാലിഖിതങ്ങൾ

362(2718) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാകുറിശ്ശി പഞ്ചായത്തിലെ എഴുത്തോംപാറയിലെ ശിലാലിഖിതങ്ങളെ ചരിത്രപരമായ പ്രാധാന്യത്തോടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly